സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ 31.1.2016 നകം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2573/03/Est-I** നന്തൻകോട്, **19/1/2016**

---

പരാമർശം :- (1) കേരള സംസ്ഥാന ആഡിറ്റ് (തിരുവിതാംകൂർ ദേവസ്വം ബോർഡ്) ജോയിന്റ് ഡയറക്ടറുടെ 08-10-2015 ലെ KSA TDB/E-3/1548/2014 നമ്പർ കത്ത്.

(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 12-1-2016 ലെ DA 6393/2013/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ DBA 14/2011 നമ്പർ ഉത്തരവ് പ്രകാരം 01-04-2010 മുതൽ ദേവസ്വം ബോർഡിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിൽ വരുത്തിയിട്ടുള്ളതാണെങ്കിലും 2012-13 വരെയുള്ള കണക്കുകൾ മാത്രമാണ് വിവിധ ആഫീസുകളിൽ നിന്നും തയ്യാറാക്കി നാളിതുവരെ അക്കൗണ്ടാഫീസിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

ശബരിമല ഗ്രൂപ്പിലെ 1190 ME യിലെ (മണ്ഡലം-മകരവിളക്ക്, മേട വിഷു, പൈങ്കുനി ഉത്രം) ആഡിറ്റ് നടത്തി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 12-10-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ 2014-15 ലെ ക്യാഷ് ബുക്ക് (ഡബിൾ എൻട്രി) പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ലായെന്നും 2012-13 മുതൽ annual accounts തയ്യാറാക്കുന്നില്ലായെന്നും monetary transaction നടക്കുന്ന വേളയിൽ ക്യാഷ് ബുക്കും അനുബന്ധ രേഖകളും തയ്യാറാക്കി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോടു കൂടി monthly cash book close ചെയ്യുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ആഫീസർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, അക്കൗണ്ടന്റ് എന്നിവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും (ടി ആഡിറ്റ് റിപ്പോർട്ടിലെ Part III Para 10 ൽ) വിവരിച്ചിട്ടുള്ളതാണ്.

2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നും ഇക്കാര്യത്തിൽ വരുത്തുന്ന കാലതാമസം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്നും വിവരിച്ച് കേരള സംസ്ഥാന ആഡിറ്റ് (തിരുവിതാംകൂർ ദേവസ്വം ബോർഡ്) ജോയിന്റ് ഡയറക്ടറിൽ നിന്നും പരാമർശം 1 ആയി കത്ത് ലഭിച്ചിട്ടുള്ളതുമാണ്.

ഗ്രൂപ്പാഫീസുകളിലും, മറ്റാഫീസുകളിലും ഡബിൾ എൻട്രി സിസ്റ്റത്തിലെ കണക്കുകൾ തയ്യാറാക്കുന്നതിന് എംപ്ലോയ്മെന്റ് ജീവനക്കാരെ ഏൽപ്പിച്ചുകൊണ്ട് ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് തുടങ്ങിയ തസ്തികയിലുള്ള ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവായി നിൽക്കുന്നുവെന്നും ആകയാൽ അതാത് ആഫീസുകളിലെ ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലയിൽ തന്നെ 2013-14, 2014-15 എന്നീ വർഷത്തെ കണക്കുകൾ തയ്യാറാക്കി

(...2)

31-01-2016 ന് മുൻപ് ദേവസ്വം അക്കൗണ്ടാഫീസിൽ ഹാജരാക്കുന്നതിനും, നിശ്ചിത തീയതിയ്ക്കകം കണക്ക് തയ്യാറാക്കി അയയ്ക്കാത്ത ആഫീസുകളിലെ ടി ലാവണങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം ചെലവെഴുതുന്നത് നിർത്തിവയ്ക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് തുടർന്ന് പരാമർശം 2 ആയി ലഭിച്ചു.

ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കാത്ത പക്ഷം ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടാകുമെന്നതിനാൽ 2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഡബിൾ എൻട്രി സിസ്റ്റത്തിൽ ശരിയായ വിധത്തിൽ തയ്യാറാക്കി 31-01.2016 നകം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ എത്തിക്കുന്നതിന് ശബരിമല ഉൾപ്പെടെ എല്ലാ ഗ്രൂപ്പുകളിലേയും ആഫീസ് മേധാവി കൾക്ക് നിർദ്ദേശം നൽകുന്നതിനും ശരിയായ രീതിയിൽ കണക്ക് തയ്യാറാക്കി നിശ്ചിത സമയത്തിനകം ഹാജരാക്കാത്ത പക്ഷം ആഫീസ് മേധാവി മുതൽ ഹെഡ്ക്ലാർക്ക് കേഡർ വരെയുള്ള ഉദ്യോഗസ്ഥരുടെ 2016 ഫെബ്രുവരി മുതലുള്ള ശമ്പളം ചെലവെഴു താൻ പാടില്ലായെന്നും ഓരോ ആഫീസിൽ നിന്നും ഹാജരാക്കുന്ന കണക്കുകൾ ശരിയാംവിധമാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ ബോധ്യപ്പെട്ട് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ വീഴ്ചക്കാരുടെ 2016 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം ചെലവെഴുതാൻ പാടുള്ളൂ എന്നും തിരുമാനിച്ച് ബോർഡുത്തരവാ കുന്നു.

വീഴ്ച വരുത്തുന്നവരുടെ വിവരം ദേവസ്വം അക്കൗണ്ട്സ് ആഫീസർ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

19/1/16

സെക്രട്ടറി

പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. EDP Section
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

19.1.2016